## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7147

16/07/2012-ൽ മറുപടിയ്ക്ക്

**ബി.എഡ്, എം.എഡ് വിഭാഗങ്ങൾക്ക് പ്രത്യേകം അദ്ധ്യാപകർ**

**ചോദ്യം**

ശ്രീ.കെ.വി.അബ്ദുൾ ഖാദർ :

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ബി.എഡ്, എം.എഡ് വിഭാഗങ്ങൾക്ക് പ്രത്യേകമായി അദ്ധ്യാപകർ വേണമെന്നുള്ള നിബന്ധന പിൻവലിച്ചതിനുശേഷവും സർക്കാർ ടീച്ചർ എഡ്യൂക്കേഷൻ കോളേജുകളിൽ ആയത് നിലനിർത്തുന്നുണ്ടോ ; | (എ) | ബി.എഡ്, എം.എഡ് വിഭാഗങ്ങൾക്ക് പ്രത്യേകമായി അദ്ധ്യാപകർ വേണമെന്നുള്ള നിബന്ധന പിൻവലിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. സർക്കാർ ടീച്ചർ എഡ്യൂക്കേഷൻ കോളേജുകളിൽ ബി.എഡ് വിഭാഗത്തിലെ അദ്ധ്യാപകരെ പുനർ വിന്യാസം മുഖേന എം.എഡ് വിഭാഗത്തിലേയ്ക്ക് താൽക്കാലികമായി നിയമിച്ചുവരുന്നു. |
| (ബി) | എൻ.സി.ടി.ഇ-യുടെ നോട്ടിഫിക്കേഷൻ പ്രകാരം സർക്കാർ കോളേജുകളിൽ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (ബി) | എൻ.സി.ടി.ഇ-യുടെ നോട്ടിഫിക്കേഷൻ പ്രകാരം സർക്കാർ കോളേജുകളിൽ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതുമായി ബന്ധപ്പെട്ട് തീരുമാനമൊന്നും ആയിട്ടില്ല. |
| (സി) | പുതുക്കിയ രീതിയനുസരിച്ച് അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം എത്രയാണ് ; | (സി) | പുതുക്കിയ രീതിയനുസരിച്ച് ബി.എഡ്-ഉം എം.എഡ്-ഉം കോഴ്സുകളുള്ള കോളേജുകളിൽ 100 ബി.എഡ് + 35 എം.എഡ് വിദ്യാർത്ഥികൾക്ക് 9 ലക്ചറർമാർ + 1 റീഡർ + 1 പ്രിൻസിപ്പൽ / പ്രൊഫസർ കേഡർ എന്നും ബി.എഡ് മാത്രമുള്ള കോളേജുകളിൽ 7 ലക്ചറർമാർ + പ്രിൻസിപ്പൽ എന്നുമാണ് നിയമിക്കുന്നത്. |
| (ഡി) | എം.എഡ് വിഭാഗത്തിലേക്ക് റീഡിപ്ലോയ് ചെയ്തതിനെത്തുടർന്ന് ബി.എഡ് വിഭാഗത്തിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ചതുമൂലമുണ്ടായ അധിക സാമ്പത്തിക ബാധ്യത എത്രയാണ് ; ബാധ്യത എത്രകാലം കൊണ്ട് തീർക്കാനാകും ; | | എം.എഡ് വിഭാഗത്തിൽ നിന്നും റീഡിപ്ലോയ് ചെയ്തതിനെ തുടർന്ന് ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ച വകയിൽ വന്ന അധിക സാമ്പത്തിക ബാധ്യത എത്രയെന്ന കണക്ക് ലഭ്യമല്ല. എൻ.സി.ടി.ഇ മാനദണ്ഡമനുസരിച്ചുള്ള നിയമനപ്രക്രിയ നടത്തിയതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ ബാധ്യത തിട്ടപ്പെടുത്തി അനന്തര നടപടികൾ കൈക്കൊള്ളാനാകൂ. |

| | | | |
|---|---|---|---|
| (ഇ) | എൻ.സി.ടി.ഇയുടെ മാനദണ്ഡമനുസരിച്ച് പ്രസ്തുത അദ്ധ്യാപക വേർതിരിവ് അവസാനിപ്പിക്കണമെന്ന് സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഇ) | ഉണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ